ഇറിഗേഷൻ വക്കുകം

* 492. [3] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963 ഡിസംബർ 1-ാംതീയതിക്കുശേഷം കൊല്ലം ഡിസ്ട്രിക്ടിലുള്ള ഓരോ താലൂക്കിലും ഏതെങ്കിലും ഇറിഗേഷൻ വക്കിനു അഡ്മിനിസ്ട്രേറ്റിവ് സാംഗ്ഷൻ കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വക്കിനാണ് സാംഗ്ഷൻ കൊടുത്തിട്ടുള്ളതു?

ക്ഷേത്രവകുപ്പുമന്ത്രി (ശ്രീ.ഈ. പി. പൗലോസ്) :

(എ) കൊല്ലം താലൂക്കിൽ രണ്ടു മൈനർ ഇറിഗേഷൻ പണികളും കുന്നത്തൂർ, പത്തനാപുരം, പത്തനംതിട്ട എന്നീ താലൂക്കുകളിൽ ഓരോ മൈനർ ഇറിഗേഷൻ പദ്ധതി വീതവും അനുവദിച്ചിട്ടുണ്ട്.

(ബി) താഴെ പറയുന്ന പണികൾക്കാണ് അംഗീകാരം കൊടുത്തിട്ടുള്ളതു.

(1) മൺട്രോ തുരുത്തു പഞ്ചായത്തിൽ ഏക്കൽപുറം ഏലായിൽ ഉപ്പുവെള്ളക്കയറ്റം തടയുവാൻവേണ്ടിയുള്ള ബണ്ടിന്റെ പൊക്കി ജോലികൾ.

(2) പാത്തന്നൂർ പഞ്ചായത്തിൽ ഊറുകഴിമുതൽ ആലുങ്കാ തോടുവരെയുള്ള തോടിന്റെ പുനരുദ്ധാരണ പണികൾ.

(3) പടിഞ്ഞാറേ കല്ലട പഞ്ചായത്തിൽ വട്ടംഏലായിലെ ഉയർന്നതും താഴ്ന്നതുമായ വയലുകളെ വേർതിരിക്കുന്ന ഒരു ബണ്ടിടുക.

(4) പത്തനാപുരം താലൂക്കിൽ പുനലൂർ പഞ്ചായത്തിൽ വിളക്കുവട്ടത്തു ഏലായിൽ ഒരു സ്പിൽവേയുടെ പണി.

(5) പത്തനംതിട്ട താലൂക്കിൽ മല്ലശേരി പഞ്ചായത്തിൽ പനഞ്ചാൽകരം പോളിൽ ഏലായുടെ ഉദ്ധാരണപണികൾ.

ശ്രീ. പി. സി. ആദിച്ചൻ: ഈ വർഷം ഡി. ഡി. സി. അംഗീകരിച്ചിട്ടുള്ള വർക്കുകൾക്കൊന്നുംതന്നെ അഡ്മിനിസ്ട്രേറ്റിവ് സാംഗ്ഷൻ കൊടുത്തിട്ടില്ലെന്നു കാണുന്നു. അതിനുള്ള കാരണം എന്താണെന്നു പറയാമോ?

ശ്രീ. ഈ. പി. പൗലോസ്: 1963 ഡിസംബർ 1-ാംതീയതിക്കുശേഷം സാംഗ്ഷൻ കൊടുത്തിട്ടുള്ളതിനെപ്പറ്റിയാണ് ചോദ്യം. അതാണ് പറഞ്ഞതു. അതിനുമുമ്പുള്ളതൊന്നും ഈ ലിസ്റ്റിൽ ഇല്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: നെൽകൃഷി വർദ്ധനവിനെ പരിഗണിച്ചുകൂടുതൽ ഇറിഗേഷൻ വക്കുകൾ ചെയ്യുന്നതിനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ്: മൈനർ ഇറിഗേഷൻ വക്കുകളെ സംബന്ധിച്ചിടത്തോളം അതു അപ്പോർഷൻചെയ്തു ജില്ലാ സമിതികളെ ഏൽപ്പിച്ചിരിക്കുകയാണ്. ഒരു പ്രയോറിട്ടി നിശ്ചയിച്ചു് എല്ലാ വക്കുകളും എടുക്കും.

ശ്രീ. എം. നാരായണക്കുറുപ്പ്: മൈനർ ഇറിഗേഷനു സാംഗ്ഷൻ ഗവണ്മെന്റിൽനിന്നാണോ കൊടുക്കേണ്ടതു?

ശ്രീ. ഈ. പി. പൗലോസ്: എക്സിക്യൂട്ടിവ് എൻജിനീയക്കുതന്നെ കൊടുക്കാം.

ശ്രീ. കെ. കൃഷ്ണപിള്ള: ഈ ഫണ്ട്സ് ഉപയോഗിക്കുന്നതിനു കാലതാമസം വരുന്നു എന്നുമാത്രമല്ല, പലപ്പോഴും അതിൽ കുഴപ്പവും സംഭവിക്കാറുണ്ടു്. ഇന്നത്തെ പഞ്ചായത്തുനിയമം അനുസരിച്ചു് പഞ്ചായത്തുകൾക്കു് ഇതു നടപ്പിൽവരുത്താനുള്ള അധികാരം ഉണ്ടു്. ആ നിലയിൽ ഈ ഫണ്ട്സ് മുഴുവനും പഞ്ചായത്തുകളെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ്: ഇതിന്റെ പ്രയോറിട്ടി നിശ്ചയിക്കുമ്പോൾ പഞ്ചായത്തിൽകൂടി വർക്കുകൾ ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതിനുവിധത്തിൽ നിർദ്ദേശം കൊടുക്കാം.

ശ്രീ. കെ. എം. ജോർജ്: ഈ വർക്കുകളുടെ മെയിന്റനൻസ്, പുതിയ വർക്കെന്ന നിലയിൽ സെസ്സ് ഈടാക്കാനുള്ള സൗകര്യം ഉണ്ടാക്കിയാലേ ചെയ്യുകയുള്ള എന്നു പറഞ്ഞു പഴയ വർക്കുകൾ നന്നാക്കുന്നില്ല. ഈ കാര്യത്തിനു നിയമത്തിൽ വേണ്ട വ്യത്യാസംവരുത്താൻ നടപടിയെടുക്കുമോ?

ശ്രീ. ഈ. പി. പൗലോസ്: കരം പിരിക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനുമുള്ള ചുമതല പഞ്ചായത്തുകളെ ഏൽപ്പിച്ചു കഴിഞ്ഞാൽ ഈ സ്ഥിതിക്കു കുറെ വ്യത്യാസം വരും. ഇപ്പോൾ നിലവിലിരിക്കുന്ന സംപ്രദായം അനുസരിച്ചു സെസ്സ് ഈടാക്കികഴിഞ്ഞു നാശമായിപ്പോയാൽ പുതിയ വർക്കായി ചെയ്യേണ്ടിവരും.

ഇലക്ട്രിസിറ്റി

* 493. [4] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഇപ്പോൾ ആകെ എത്ര ഇലക്ട്രിസിറ്റി ഉൽപ്പാദിക്കപ്പെടുന്നുണ്ടു; ഇവിടത്തെ സാധാരണ ആവശ്യത്തിനു എത്രമാത്രം ഇലക്ട്രിസിറ്റി ആവശ്യമുണ്ടു;

(ബി) ഇലക്ട്രിസിറ്റി കുറവു നികത്തുന്നതിനു ഗവണ്മെന്റു അടുത്ത കാലത്തു സ്വീകരിച്ച മാർഗ്ഗങ്ങൾ ഏതെല്ലാം;

(സി) 1965-ൽ ഈ കാര്യത്തിൽ സംസ്ഥാനത്തു സ്വയംപര്യാപ്തത കൈവരുത്താൻ കഴിയുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) സംസ്ഥാനത്തു ജൂൺ മുതൽ ഡിസംബർവരെ പ്രതിദിനം 26 ലക്ഷം യൂണിറ്റു വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നുണ്ടു. വേനൽക്കാലത്തു ഇതു 18 ലക്ഷം യൂണിറ്റു മുതൽ 19 ലക്ഷം യൂണിയറ്റുവരെയായി കുറഞ്ഞു പോകുന്നു. സാധാരണഗതിയിൽ ഇവിടെ അനുദിനം 26 ലക്ഷം യൂണിറ്റു വിദ്യുച്ഛക്തിയാണു ആവശ്യമുള്ളതു.

(ബി) (1) സംസ്ഥാനത്തിനു വെളിയിൽനിന്നും ലഭിക്കാവുന്നിടത്തോളം വിദ്യുച്ഛക്തി നമ്മുടെ ആവശ്യത്തിനു ലഭ്യമാക്കുക.

(2) ജലവൈദ്യുതപദ്ധതികളുടെ ജോലി കഴിയുന്നതും വേഗം പൂർത്തിയാക്കുവാൻ നടപടികളെടുക്കുക, ഇവയാണു.

(സി) 1966-ൽ ശബരിഗിരി പദ്ധതിയുടെ പണി പൂർത്തിയാകുന്നതോടുകൂടി സംസ്ഥാനം ഇക്കാര്യത്തിൽ സ്വയംപര്യാപ്തമാകുമെന്നാണു പ്രതീക്ഷിക്കുന്നതു.

മി. സ്പീക്കർ: 21-ാമത്തെ ചോദ്യത്തിനുകൂടി ഉത്തരം പറയാം.

ഇലക്ട്രിസിറ്റി ബോർഡു വർദ്ധിപ്പിച്ച ചാർജ്ജു നിരക്കുകൾ

* 494. [21] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡു അടുത്തകാലത്തു വർദ്ധിപ്പിച്ച ചാർജ്ജു നിരക്കു എത്രയാണു;

(ബി) വീട്ടാവശ്യങ്ങൾക്കും, വ്യവസായ ആവശ്യങ്ങൾക്കും നൽകുന്ന വിദ്യുച്ഛക്തിയുടെ വിലയ്ക്കു ഇപ്പോൾ എന്തു വ്യത്യാസമുണ്ടു:

LIBRARY ARCHIVES Kerala Legislative Assembly